**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 648** **24-08-2022 - ൽ മറുപടിയ്ക്ക്**

**കയർ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കയർ തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പാക്കേജുകൾ,സബ്സിഡി തുടങ്ങിയവ അനുവദിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കയർ തൊഴിലാളികളുടെ സംരംക്ഷണത്തിനായി വരുമാനം ഉറപ്പാക്കൽ പദ്ധതി, പ്രൊഡക്ഷൻ & മാനേജ്മെന്റ് ഇൻസെന്റീവ്, കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം, വിപണി വികസന സഹായം എന്നീ പദ്ധതികൾ മുഖേന ധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന കയർ തൊഴിലാളികൾക്ക് പെൻഷൻ, തൊഴിലാളികളുടെ മക്കൾക്ക് വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ ധനസഹായം, ശാരീരിക അവശത അതിജീവിക്കാൻ പ്രത്യേക ധനസഹായം, അപകട മരണ നഷ്ടപരിഹാരം എന്നിവ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ